little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## എൻ.ആർ.പി.എം.എച്ച്.എസ്.എസ്

## കായംകുളം

# പൊലിക



## ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ 2019

# സ്നേഹമുള്ള അമ്മ



LOVELY
VI C

സ്നേഹം തുളുമ്പുന്ന അമ്മ

സ്നേഹം പകരുന്ന അമ്മ

വീട്ടിൽ രക്ഷകി,വീട്ടിൽ ഐശ്വര്യം

സ്നേഹമാണ് നിറയെ മനസിൽ

സ്നേഹം മാത്രം നിലനിൽക്കുന്നു

സ്നേഹത്തിൻ പ്രതീകം അമ്മ

സ്നേഹ വാത്സല്യങ്ങൾക്കൊണ്ടു മൂടുന്നു നമ്മളെ

സ്നേഹം സ്നേഹം സ്നേഹം നിറയുന്ന അമ്മ



# THE JOURNEY OF FOOD




ATHIRA.J
VIII.E

## STOMACH



Food reaches the stomach from the mouth through the oesophagus .it is the wave like movement of oesophagus which enable this . This is called peristalsis . Due to the movement of the stomach wall , food is rendered paste like inside the stomach . The digestive enzymes produced by the stomach digests food chemically too….


## SMALL INTESTINE



Small intestine is about six meter along . Digestion of food is completed here . The nutrients in the digested food are absorbed in to the blood .

## LARGE INTESTINE

Large intestine is the broader intestine following small intestine and is about one and a half meter long . The absorption of water containing minerals and salts takes place here . What remains that focus it is stored in the rectum and expelled through the anus.



**STAGES IN THE PROCESS OF NUTRITION**

Ingestion

Digestion

Absorption

Assimilation

Excreation

**Ingestion** – The first stage in the process of nutrition is ingestion


**Digestion** - Digestion is the process in which the organic factors present in the food are broken down to simple components that can be absorbed by the body

**Absorption** – The process of the digested food being received in to the body is absorption

**Assimilation** – Assimilation is the process in which absorbed components become part of the body

**Exceration** - The byproduct of metabolic reactions which are not useful to the body are eliminated through the process called exceration .

**FILTERS IN THE BODY**



The blood vessel that reaches the kidney ( blood along with urea , water and other components is greater quantities )


The blood vessel that leaves the kidney

(blood along with water , urea and other components

in lesser quantities )

Ureter ( urea+ water + other components )

**KIDNEY**



# സ്നേഹ ഗീതം



AKHILA.R
IX.D

മനസ്സിന്റെ ഉള്ളിൽ നിലകൊള്ളുന്ന
വർണ്ണാരവത്തിന്റെ കാണാചങ്ങലയിൽ
പ്രളയം കടന്നു പോയപ്പോൾ
കണ്ടു ഞാൻ എൻ കണ്ണിൽ
സ്നേഹത്തിന്റെ വിസ്താരം
ആരുടെ ഹൃദയത്തെയും
ഉലക്കുന്ന സ്നേഹഗീതം
കളി ചിരികളും കുസൃതികളും
തെളിഞ്ഞ മനസ്സും പൂത്തണിഞ്ഞരാവും
സ്നേഹത്തിന്റെ നാണയങ്ങൾ
ബന്ധുക്കളും സുഹൃത്തുക്കളും
പുതിയ രാവിന്റെ തുടക്കം
എല്ലാ ഹൃദയങ്ങളും ഒരുപോലെ
ചിന്തിക്കാൻ തുടങ്ങി നാളയുടെ പ്രതീക്ഷകളെ
ജീവിതത്തെ മാറ്റി മറിച്ച വസന്തം
സ്നേഹസാഗരം മണ്ണിന്റെ വൈവിധ്യത്തിൽ
എന്നും അണയാതെ ആ പ്രകാശം
ജ്വലിക്കുന്ന വിളക്കായി
ജീവന്റെ തുടിപ്പായി ലോകത്തിൽ
ആരവത്തോടെ നിലകൊള്ളുന്നു.



# അപ്പുവിന്റെ സൈക്കിൾ



DEVI KRISHNA
VI .C

ഒരിടത്ത് അപ്പുവെന്ന കുട്ടിയും അവനെ പൊന്നുപോലെ നോക്കുന്ന അവന്റെ അമ്മയും താമസിച്ചിരുന്നു. അപ്പുവിന്റെ കുട്ടികാലത്തു തന്നെ അവന്റെ അച്ഛൻ മരിച്ചിരുന്നു. അപ്പുവിനെ പൊന്നുപോലെ നോക്കുമായിരുന്നു അവന്റെ അമ്മ. വളരെ ദരിദ്രമായകുടുംബമായിരുന്നു അപ്പുവിന്റേത്. പല വീടുകളിൽപോയി വീട്ടുജോലി എടുത്താണ് അമ്മ അവനെ വളർത്തിയിരുന്നത്. ചിത്രം വരക്കാൻ നല്ല കഴിവുള്ള കുട്ടിയായിരുന്നു അപ്പു.



അപ്പോഴാണ് അവന്റെ സ്കൂളിലെ ചിത്രരചനാ മത്സരം വന്നത്. അവൻ അതിൽ ചേർന്നു. അവന്റെ വലിയൊരു ആഗ്രഹമാണ് 'അവന് ഒരു സൈക്കിൾ വേണമെന്നുള്ളത്' അതുകൊണ്ടുതന്നെ അവന് ആ മത്സരത്തിൽ അവന്റെ ഭാവനയിൽ ഉള്ള ആ സൈക്കിൾ വരച്ചു. അവന് ആ ചിത്രത്തിന് സമ്മാനവും കിട്ടി. അവൻ ആ ചിത്രവും സമ്മാനവും കൊണ്ട് വീട്ടിലേക്ക് നടന്നു. അപ്പോഴാണ് അവൻ ഓർത്തത് നാളെ എന്റെ പിറന്നാളാണല്ലോ.

അവൻ വീട്ടിലെത്തി. അവന്റെ അമ്മയ്ക്ക് വയ്യായിരുന്നു. അതുകൊണ്ട് രണ്ടുമൂന്നുദിവസം കൊണ്ട് അമ്മ ജോലിക്കു പോകുന്നില്ലായിരുന്നു. അമ്മയെ അവന് കിട്ടിയ സമ്മാനം കാണിച്ചു, എന്നിട്ടു പറഞ്ഞു അമ്മ നാളെയെന്റെ പിറന്നാളാണ്, അമ്മ എന്താവാങ്ങുന്നത്. എന്നാൽ അമ്മ വിഷമിക്കേണ്ടാ ദേ ഈ ചിത്രത്തിൽ കാണുന്ന സൈക്കിൾ വാങ്ങിതന്നാൽ മതി എന്നു അവൻ വാശിപിടിച്ചു. അമ്മ അവനെ വിഷമിപ്പിക്കേണ്ട എന്നു കരുതി ഒന്നും പറഞ്ഞില്ല. അന്നു രാത്രി അമ്മക്കു വളരെ സങ്കടമായിരുന്നു. അമ്മ ആ സൈക്കിളിനുവേണ്ടി പലയിടത്തുനിന്നും പണം ചോദിച്ചു. എന്നാൽ ആരും കൊടുത്തില്ല. ഒടുവിൽ അമ്മ അപ്പുവിന്റെ അച്ഛന്റെ ഓർമ്മക്കായി സൂക്ഷിച്ചിരുന്ന മാല വിറ്റു എന്നിട്ട് ആ പണത്തിനു അമ്മ അവന്റെ പിറന്നാൾ സമ്മാനമായ സൈക്കിൾ വാങ്ങികൊടുത്തു. അവന് വളരെ സന്തോഷമായി. എങ്കിൽ അവന്റെ സന്തോഷം നീണ്ടുനിന്നില്ല. അവൻ ഇത് അറിഞ്ഞു .അവന് സങ്കടമായി. പിന്നെ തൊട്ട് വീട്ടിലെ സാഹചര്യം അറിഞ്ഞ് സന്തോഷത്തോടെ അവൻ ജീവിച്ചു.

# ഒരു മരം വെട്ടുന്നേരം



ALFIYA. S
VII.B

ഒരു മരം വെട്ടുന്നേരം മരുഭൂമി ജനിക്കുന്നു
ഒരു മരം വെട്ടുന്നേരം കൃഷിഭൂമി മരിക്കുന്നു
ഒരു മരം വെട്ടുന്നേരം കുലപർവ്വതമുലയുന്നു
ഒരു മരം വെട്ടുന്നേരം മഴമുകിലുകൾ മറയുന്നു
ഒരു മരം വെട്ടുന്നേരം കരകടലുകൾ കരിയുന്നു
ഒരു മരം വെട്ടുന്നേരം വനതടിനികൾ മരളുന്നു
ഒരു മരം വെട്ടുന്നേരം മദയാനകൾ ഞെട്ടുന്നു
ഒരു മരം വെട്ടുന്നേരം മയിലാട്ടം നിൽക്കുന്നു.
ഒരു മരം വെട്ടുന്നേരം കിളിപ്പാട്ട് നിലയ്ക്കുന്നു
ഒരു മരം വെട്ടുന്നേരം തിണമേഴും കുഴയുന്നു
ഒരു മരം വെട്ടുന്നേരം മരുഭൂമി ജനിക്കുന്നു
ഒരു മരം വെട്ടുന്നേരം പിതൃഭൂമി മരിക്കുന്നു

ഒരു മരം വെട്ടുമ്പോൾ തിരിച്ച് രണ്ട് തൈകൾ നടുക
മനുഷ്യർ പണത്തിന് വേണ്ടി മരങ്ങൾ നശിപ്പിക്കുന്നു
പക്ഷെ അവരുടെ ജീവന് തന്നെ അത് ഭീഷണിയാവുന്നത്
അവർ ഓർക്കുന്നില്ല.



# പ്രളയം വന്നപ്പോൾ



NEERAJ VINOD
V.C

മഴപെയ്തു പെയ്തു
വനഭൂമികൾ നനഞ്ഞു
മഴ പെയ്ത വെള്ളം
ആ ഡാമുകളിലെത്തി
സർക്കാർ അതുകണ്ടു-
പദ്ധതികൾ ഇട്ടു
ടെണ്ടറുകൊടുക്കാതെ
വൈദ്യുതി കൊടുക്കാൻ
മഴയങ്ങ് കൂടി ആ ഡാമങ്ങ് നിറഞ്ഞു
ആരും അറിയതെ
ഡാമങ്ങ് തുറന്നു
നേരം വെളുത്തപ്പോൾ
പുഴകൾ നിറഞ്ഞു
വീടുകൾ മുങ്ങി
വീട്ടുകാർ കുടുങ്ങി
കടലിന്റെ മക്കളിങ്ങോടി അടുത്തു
ചെന്നൈയിൽ നിന്നും ഹെലികോപ്റ്റർ എത്തി
രക്ഷാ പ്രവർത്തനം ദ്രുതഗതിയിലായി
ആശ്വാസമേകുവാൻ കോടികൾ
ഒഴുകി ജീവനക്കാരേയും ഞെക്കിപ്പിഴിഞ്ഞു
തൊഴിലുറപ്പുകാരേയും പട്ടിണിയിലാക്കി
കിട്ടിയ കാശെല്ലാം ഖജനാവിലാക്കി
പ്രളയത്തിൽപ്പെട്ടവർ പെരുവഴിയിലുമായ്



# പ്രളയം മഹാ പ്രളയം



AVANI.V
V.C

പ്രളയം പ്രളയം
മഹാ പ്രളയം
കലിത്തുള്ളി പേമാരി
തന്നിൽ നിന്ന് ഉത്ഭാവം
കൊണ്ടീ മഹാ പ്രളയം
മനുഷ്യരെ കൊന്നൊടുക്കി
ഈ മഹാ പ്രളയം
അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും
ശാപം കൊണ്ടീ മഹാ പ്രളയം
കുഞ്ഞുങ്ങളുടെ പാഠപുസ്തകങ്ങൾ
നശിപ്പിച്ചു മഹാ പ്രളയം
എന്തിനീ ദൈവമേ ഞങ്ങൾക്കീ
ശിക്ഷ നീ നൽകി



## ആനയുടെ അഹങ്കാരം



ALIYA
V

പണ്ട് പണ്ട് ഒരു കാട്ടിൽ ബാലു എന്നു പേരുള്ള ഒരു ആന ഉണ്ടായിരുന്നു. അവൻ ഭയങ്കര മടിയനും അഹങ്കാരം ഉള്ളവനുമായിരുന്നു. ഒരു ദിവസം ബാലു വഴിയരികിലൂടെ വരികയായിരുന്നു. അപ്പോൾ ഒരു മരം കണ്ടു. അവൻ ഓടിച്ചെന്ന് മരം കുലുക്കാൻ തുടങ്ങി. ഒരു കിളി ആ മരത്തിൽ കൂടുകെട്ടി താമസിച്ചിരുന്നു. അത് പേടിച്ച് വിറച്ച് പറന്നുപോയി. കൂട് താഴെ വീണു നശിച്ചുപോയി. കിളിക്ക് വിഷമമായി. കിളി തന്റെ സങ്കടം കൂട്ടുകാരിയായ കുഞ്ഞുറുമ്പിനോട് പറഞ്ഞു. കുഞ്ഞുറുമ്പ് പറഞ്ഞു ഞാൻ നിന്നെ സഹായിക്കാം. കുഞ്ഞുറുമ്പ് ബാലു ആനയുടെ അടുത്തെത്തി. ഉറുമ്പ് ആനയോട് ചോദിച്ചു. നീ ഞങ്ങളെ ഉപദ്രവിക്കാതിരിക്കാമോ എന്ന് ചോദിച്ചു. ആന മറുപടി പറഞ്ഞു കഴിയില്ല. ഇതുകേട്ട കുഞ്ഞുറുമ്പ് ആനയുടെ തുമ്പിക്കൈയിൽ കയറി കടിക്കാൻ തുടങ്ങി ആന വേദനകൊണ്ട് പുളഞ്ഞു. ബാലു ഉച്ചത്തിൽ പറഞ്ഞു ഞാൻ ആരേയും ഉപദ്രവിക്കില്ല. ഉറുമ്പിനും കിളിക്കും സന്തോഷമായി. കൂട്ടുകാരെ ഇതിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കേണ്ട കാര്യം 'അഹങ്കാരം ആപത്ത്'.



# ദൈവ തുല്യം അമ്മ



ARYANANDHA
VII.B

ഇരുളിൽ വെളിച്ചമായ് മാറുമീ അമ്മ...
ദീപനാളമായി തെളിയുമ്പോൾ(2)
കാത്തിരിപ്പൂ നിൻ മധു നുകരാൻ
തേൻ നുകരും തേൻ വണ്ട്
താങ്ങും തണലുമായി മാറുമീ അമ്മ...
ദു:ഖങ്ങളിൽ ആശ്വാസമാം
തെറ്റുകൾതിരുത്തി നേർവഴി കാട്ടുമീ
മാർഗദീപമാം എൻ അമ്മ
ഈശ്വര തുല്യനായി മാറുമീ അമ്മ
ജ്ഞാനമാം പകരും നേർവഴിയിൽ...



# കൂട് തേടി



FATHIMA USMAN
IX A

കൂട് തേടി കിളികൾ എത്തുമണ്ണിൽ
മനുജനോ... അവരുടെ വാസസ്ഥലം
വെട്ടിനുറുക്കി മരകഷ്ണമാക്കി
മാറ്റുകയോ... നോക്കി നിൽക്കുവാൻ
കഴിയുന്നില്ല ഞങ്ങൾക്ക്
ശബ്ദം ഉയർത്തുവാനോ
കഴിവതില്ല ശബ്ദിച്ചാൽ
കുട്ടികൾ ആണെന്നു പറയുന്ന-
വരോട് പറയുവാൻ ഒന്നുമാത്രം
എനിക്ക് ഒന്നുമാത്രം
നാളെയുടെ പ്രതിക്ഷകൾ ഞങ്ങളാണ്
നാളെയുടെ ശബ്ദവും ഞങ്ങളാണ്
എന്തിനാ മനുഷ്യ നി ഇങ്ങനെ
കൊടും ക്രൂരതകൾ ചെയ്യുന്നത്
ഞങ്ങൾ മനുഷ്യനാണ്, ഞങ്ങൾക്ക് ഇനിയും
ഇവിടെ ജീവിക്കണം, ഞങ്ങൾക്ക് മാത്രമല്ല
ഇനിയുള്ള തലമുറകൾക്കും മണ്ണിൽ കഴിയണം



## “FREEDOM WALK”



Anupamasree
VI.C

Freedom

they say we'll never get it

I belive when people hear

The colored side of the story –

“ Injustice any where is an insult

To justice every where “

They chant and throw objects

but I'm not giving up

I feel like I could walk .

All night for freedom . COPS

Yell and block the roads

And order people

To go back . Groups of Caucasians

Chant in our faces

And hold up signs,

But all I can say is ,

“ Keep walking”



## SCHOOL DAYS



Anupamasree
VI.C

Growing up in this day and age,
With frees expression all the rage,
Our young ones learn when starting
School That reading's fun and maths is
Cool while wrings not the deast bit
Joring It really is so much like drawing
For every child it is essential
To relise their full potential
And teachers always do thier best
To simulate their interest
When years of Schooldays end at last
With all examination passed
Will the children reminisce
And say "Our Schooldays we will miss"
And as the final day arrives
"They werethe best days of our Lives"



THE POEM ABOUT LU



SIYANA.S
VI.C

Lu Traveled very far
She didn't have a Car
She doesn't have one eye
But her mom was about to die
She wasn't very Scared
Because She really cared
She liked to Sew
But she had a way to go
Lu was very brave
Because her mom had to be Saved



# നാലായിരം കൊല്ലത്തെ കഥ പറയുന്ന മുത്തശ്ശി ഭാഷ

ശിലായുഗത്തിൽ ആശയ വിനിമയത്തിന് ആംഗ്യഭാഷയായിരുന്നുവല്ലോ അവലംബം. പിന്നീട് ഭാഷകൾ രൂപപ്പെട്ട് വന്നതോടെ മനുഷ്യൻ സംസാരത്തിലൂടെ ആശയങ്ങൾ കൈമാറി. ഇന്ന് ലോകത്ത് 6500 സംസാര ഭാഷകൾ നിലനിൽക്കുന്നു. ഇന്ത്യാരാജ്യത്താകട്ടെ 23 ൽ അധികം ഭാഷകൾ മനുഷ്യർ കൈകാര്യം ചെയ്യുന്നു. ലോക ഭഷകളിൽ പലത് കൊണ്ടും വ്യതിരക്തത പുലർത്തുന്ന ഒരു ഭാഷയാണ് അറബിഭാഷ. അനേകം സവിശേഷതയാൽ സമ്പുഷ്ടമാണീഭാഷ. അറബിഭാഷ എന്ന പദത്തിനർത്ഥം വളരെ വ്യക്തമായും വാചാലമായും സംസാരിക്കുന്നത് എന്നാണ്. വളരെ കുറഞ്ഞ വാക്കിൽ വളരെയധികം കാര്യങ്ങൾ അവതരിപ്പിക്കുവാൻ കഴിയുന്നു. എന്നത് ഈ ഭാഷയുടെ വലിയ പ്രത്യേകതയാണ്. ഏകദേശം 12 കോടിയിലധികം ജനങ്ങൾ മാതൃ ഭാഷയായി ഉപയോഗിക്കുകയും 30 കോടിയോളം ജനങ്ങൾ വായിച്ചു ഗ്രഹിക്കുകയും 80 കോടിയിലധികം ജനങ്ങൾ അർത്ഥം ഗ്രഹിച്ചോ ഗ്രഹിക്കാതെയോ പാരായണം ചെയ്യുകയും 120 കോടി ജനങ്ങൾ ആദരിക്കുകയും ചെയ്യുന്ന സെമറ്റിക് വർഗ്ഗത്തിൽപ്പെട്ട ഒരു ഭാഷയാണ് അറബി.



അറേബ്യ, ആഫ്രിക്ക, മദ്ധ്യ പൗരസ്ത്യ ദേശങ്ങൾ തുടങ്ങി പല രാജ്യങ്ങളിലായി 14 കോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന സെമറ്റിക് വംശത്തിൽപ്പെട്ട അറബി ഭാഷ ക്രിസ്താബ്ദം 7-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തന്നെ തികഞ്ഞ വളർച്ച പ്രാപിച്ച ഭാഷയായി കഴിഞ്ഞുവെന്നും പേർഷ്യൻ പദങ്ങൾ മാത്രമല്ല, ഇന്ത്യൻ പദങ്ങളിൽ പോലും ഈ ഭാഷ കടന്ന് വന്നുവെന്നും ജവഹർലാൽ നെഹ്റു തന്റെ "ഡിസ്കവറി ഓഫ് ഇന്ത്യ" യിൽ രേഖപ്പെടുത്തുന്നു.

ലോകസാഹിത്യത്തിനു നിസ്തുലമായ പല കൃതികളും സംഭാവന ചെയ്ത അറബി ഭാഷയ്ക്ക് ആഗോളാടിസ്ഥാനത്തിൽ തന്നെ സ്വീകാര്യതയേറി വരികയാണ്.

ഭാഷാപഠനം പ്രോത്സാഹിപ്പിക്കാനും കൂടുതൽ പേരെ ഈ ഭാഷാ സംസ്കാരത്തിലേക്ക് ആകർഷിക്കാനും വിവിധ അറബ് നാടുകളിൽ സർവ്വകലാ ശാലകളും മറ്റു സ്ഥാപനങ്ങളും വർഷങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്.

ഇത്തരം സ്ഥാപനങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളപതിനായിരക്കണക്കിനു വിദ്യാർത്ഥികൾ പഠിച്ചു പുറത്തിറങ്ങാൻ തുടങ്ങിയതോടെ അറബി ഭാഷാ പഠനത്തിലും അദ്ധ്യയനത്തിലും ആശാവഹമായ പല മാറ്റങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്.

അതിപുരാതന കാലം മുതലേ കേരളവും അറബ് നാടുകളും തമ്മിലുള്ള വ്യാപാര ബന്ധവും മറ്റു ഇടപാടുകളും കേരളത്തിൽ അറബി ഭാഷാപഠനത്തിനു ഏറെ സഹായകമായി. അറബി ഭാഷാ പഠനത്തിന്റെ ഇസ്ലാമിക മാനം ഉയർത്തിപ്പിടിച്ച് ചെറുതും വലുതുമായ നിരവധി കോളേജുകളും ദീനി മദാരിസുകളും വ്യവസ്ഥാപിതമായ രീതിയിൽ അറബി പണ്ഡിതന്മാർ കേരളത്തിൽ ഉണ്ടായി.

കേരളത്തിൽ സ്കൂൾ കോളേജ് തലങ്ങളിൽ ഐച്ഛിക വിഷയമായി അറബി ഭാഷ തെരഞ്ഞെടുക്കാൻ സൗകര്യം ലഭിച്ചതും ലളിതമായ പാഠ്യക്രമത്തിലൂടെ വിദ്യാർത്ഥികളെ ആകർഷിച്ചതും അറബി ഭാഷാ പഠന രംഗത്തെ സുപ്രധാനമായ കാൽവെപ്പുകളാണ്.

പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത 4000 കൊല്ലത്തെ ആയിരക്കണക്കിന് കഥകളുമായി മുത്തശ്ശി ഭാഷ പുതുതലമുറക്ക് വെളിച്ചമേകാൻ കാത്തിരിക്കുന്നു.

അഫ്സർ സർ

# മലയാള ഭാഷ: ഉത്ഭവവും വളർച്ചയും

നമ്മൾ മലയാളികൾ. നമ്മുടെ ഭാഷ മലയാളം. 1956 നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിൽ സംസ്ഥാനങ്ങൾ രൂപീകൃതമായപ്പോൾ മലയാള ഭാഷ സംസാരിക്കുന്ന മലബാർ,കൊച്ചി,തിരുവിതാംകൂർ ചേർത്ത് കേരളം ഉണ്ടായി. മലയാള നാട് രൂപപ്പെടുന്നതിനു മുമ്പും മലയാള ഭാഷ ഉണ്ടായിരുന്നു.

പരശുരാമൻ കടലിലേക്ക് മഴുവെറിഞ്ഞ് കേരളം ഉണ്ടായി എന്നാണ് ഐതിഹ്യം. പക്ഷേ ഈ കെട്ടുകഥയിലും ഒരു സത്യം ഒളിഞ്ഞിരിപ്പുണ്ട്. കേരളപ്രദേശം ഒരു കാലത്ത് കടലിനടിയിലായിരുന്നു. ചരിത്രം രേഖപ്പെടുത്തുന്നതിനുമുമ്പുള്ള കേരളത്തെപ്പറ്റി നമുക്ക് ഒരു അറിവും ഇല്ല. സംഘകാല കൃതികളിൽ നിന്ന് അന്നത്തെ തമിഴകത്തിന്റെ വിവരം ലഭിക്കുന്നു. സംഘകാലകൃതികൾ തമിഴിൽ എഴുതിയിട്ടുള്ളതാണ്. തമിഴകത്തിന്റെ ഭാഗമായിരുന്നു ഇന്നു നാം കേരളം എന്നു വിളിക്കുന്ന ഈ പ്രദേശം. അന്നത്തെ തമിഴകം മൂന്നു സാമ്രാജ്യങ്ങൾ ആയിരുന്നു. ചേരസാമ്രാജ്യം,പാണ്ഡ്യ സാമ്രാജ്യം,കൃത്യമായി പറഞ്ഞാൽ ഇന്നത്തെ കേരളം എന്ന പ്രദേശം ചേരസാമ്രാജ്യത്തിന്റെ പ്രദേശം ആയിരുന്നു. ചേരനാട്ടിൽ ഒട്ടേറെ ജനവിഭാഗങ്ങൾ താമസിച്ചിട്ടുണ്ട്. ഓരോ ജനവിഭാഗത്തിന്റെയും സംസാരഭാഷ ഓരോന്നാണ്. അങ്ങ് മലബാറിൽ ഒരു ഭാഷ.ഇങ്ങ് തിരുവിതാംകൂറിൽ വേറൊന്ന്. രണ്ടിടത്തും മലയാളം തന്നെ. പക്ഷേ വാമൊഴിയിൽ വ്യത്യാസം പ്രകടമാണ് ഈ വ്യത്യാസത്തിനു കാരണം എന്ത്?

രണ്ട് മൂവായിരം കൊല്ലം മുമ്പ് ഇന്ന് കേരളം എന്ന് പറയുന്ന പ്രദേശത്ത് ഒട്ടേറെ ഉപപ്രദേശങ്ങൾ ഉണ്ടായിരുന്നു. ഈ പ്രദേശങ്ങളിലെല്ലാം അതതു ജനങ്ങൾ സംസാരിക്കുന്ന ഭാഷയും ഉണ്ടായിരുന്നു. അതാണു വാമൊഴി. അപ്പോൾ വരമൊഴിയോ? അതു സാഹിത്യ ഭാഷയാണ്. തമിഴകത്ത് ചെന്തമിഴ് ആയിരുന്നു സാഹിത്യഭാഷ.ഉത്തരേന്ത്യയിൽ സംസ്കൃതവും. തമിഴരുടെ സംസാരഭാഷ (വാമൊഴി)യായ കൊടും തമിഴിൽ നിന്നാണ് മലയാളം രൂപാന്തരപ്പെട്ടു വന്നത്. വടക്കേ ഇന്ത്യയിലെ സാഹിത്യ ഭാഷയായ സംസ്കൃതത്തിനും ധാരാളം ഉപഭാഷകൾ (വായ് മൊഴികൾ) ഉണ്ടായിരുന്നു. ഈ ഉപഭാഷകളുടെ സ്വാധീനവും മലയാള ഭാഷ രൂപപ്പെടുന്നതിൽ ഉണ്ടായിട്ടുണ്ട്. അങ്ങനെ സംസ്കൃതത്തിൽ നിന്നും തമിഴിൽ നിന്നും ആണ് മലയാളത്തിന്റെ ഉത്ഭവം.



ഇതു പ്രാചീനമലയാളം. മലയാളത്തിനു സംഘടിത രൂപം വന്നത് ചെറുശ്ശേരി,തുഞ്ചൻ,കുഞ്ചൻ എന്നീ കവിത്രയത്തിന്റെ കാലത്താണ്.തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ ആധുനിക മലയാള ഭാഷയുടെ പിതാവ് എന്ന് അറിയപ്പെടുന്നു. അദ്ദേഹമാണ് രാമായണവും മഹാഭാരതവും മലയാളത്തിൽ എഴുതിയത്. ചെറുശ്ശേരി രചിച്ച കൃഷ്ണഗാഥയാണ് ആധുനിക മലയാളത്തിലെ ആദ്യ സൃഷ്ടി എന്നു കരുതുന്നവരും ഉണ്ട്. അങ്ങനെ കൃഷ്ണഗാഥയ്ക്ക് മുമ്പുള്ള കാലഘട്ടം മലയാള ഭാഷയുടെ പഴയ കാലമായി പരിഗണിക്കുന്നു. പതിനാറാം നൂറ്റാണ്ടിലാണ് തുഞ്ചൻ എഴുതിയിരുന്നതെങ്കിൽ ചെറുശ്ശേരി കൃഷ്ണഗാഥ പാടിയത് പതിനഞ്ചാം നൂറ്റാണ്ടിലാണ്. പതിനെട്ടാം നൂറ്റാണ്ടിൽ തുള്ളൽ കൃതികളിലൂടെ കുഞ്ചൻ മലയാള ഭാഷയെ സമ്പുഷ്ടമാക്കി.

നമ്മുടെ ഭാഷയെ വളർത്തുന്നതിന് ക്രിസ്തീയ മിഷണറിമാരുടെ പങ്കും എടുത്തു പറയേണ്ടതാണ്. മലയാളം ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കിയ ഹെർമൻ ഗുണ്ടർട്ട് ഇവരിൽ പ്രധാനിയത്രെ.

അടിസ്ഥാന വ്യാകരണഗ്രന്ഥങ്ങൾ രചിച്ച എ.ആർ.രാജരാജവർമ്മ മലയാളത്തിനു നൽകിയ സംഭാവന ചെറുതല്ല. ഒ.ചന്തുമേനോൻ,സി.വി രാമൻപിള്ള,ആശാൻ ഉള്ളൂർ,വള്ളത്തോൾ എന്നിവരും നൽകിയ ഭാഷാസാഹിത്യം മലയാളത്തെ ശക്തമാക്കി .ഭാഷ ഇന്നും വളർന്നുകൊണ്ടിരിക്കുന്നു.

എസ്സ്. ഉൽക്ക ടീച്ചർ

## സന്ദേശം

കായംകുളം എൻ.ആർ.പി.എം.എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സിന്റെ പുതിയ സംരംഭമായ 'പൊലിക' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. വിവരവിനിമയ സാങ്കേതിക വിദ്യ സമസ്ത മേഖലകളിൽ ആധിപത്യം സ്ഥാപിച്ച ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'പൊലിക' ഉയരങ്ങളിലേക്ക് പറക്കട്ടെ. ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

മായ.റ്റി, ഹെഡ്മിസ്ട്രസ്സ്
എൻ.ആർ.പി.എം.എച്ച്.എസ്.എസ്, കായംകുളം